പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 337 04.06.2018-ൽ മറുപടിക്ക്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ്

ചോദ്യം

ശ്രീ.കെ. ആൻസലൻ

മറുപടി

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിന്റെ സിവിൽ വർക്കുകളും ഇലക്ട്രിക്കൽ വർക്കുകളും അന്തിമ ഘട്ടത്തിലാണ്. |
| ബി) | പ്രസ്തുത യൂണിറ്റിന് എത്രലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ; | ബി) | പ്രസ്തുത യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങുന്നതിനതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതാണ്. |
| സി) | പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം 2018 സെപ്റ്റംബർ മാസത്തിൽ ആരംഭിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ; | സി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിന്റെ സിവിൽ വർക്കുകളും ഇലക്ട്രിക്കൽ വർക്കുകളും പൂർത്തിയാകുകയും പ്രസ്തുത യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്താൽ മാത്രമേ 2018 സെപ്തംബർ മാസത്തിൽ ടി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| ഡി) | പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിന് ആശുപത്രി അധികൃതർ ഏതെങ്കിലും തരത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടോ; വ്യക്തമാക്കാമോ ? | ഡി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ എമർജൻഡസി ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫുകൾക്കും ഡോക്ടർമാർക്കും ട്രോമാകെയറിലേയ്ക്ക് ആവശ്യമായ ട്രെയിനിംഗ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ